**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 199** **10-06-2024 - ൽ മറുപടിയ്ക്ക്**

**തിരൂർ ജില്ലാ ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതിയ 9 നില കെട്ടിടം പ്രവർത്തനം ആരംഭിക്കുന്നതോടെ രോഗികൾ നേരിടുന്ന അസൗകര്യങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. എന്നാൽ ഈ കെട്ടിടത്തിന് ഇതുവരെയും മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ച് കിട്ടിയിട്ടില്ല. Fire NOC ലഭ്യമാകുന്ന മുറയ്ക്ക് 4 നിലയ്ക്ക് അനുമതി ലഭ്യമായാൽ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ പറ്റും. Fire NOC ക്കുള്ള അഡീഷണൽ വർക്ക് നടന്നു കൊണ്ടിരിക്കുന്നു. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പ്രവർത്തനമാരംഭിക്കുന്ന ഘട്ടത്തിലാണ് കൂടാതെ മെക്കാനൈസ്ഡ് പാർക്കിംഗ് ഏരിയയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രൊപ്പോസൽ വെച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്നും അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | തിരൂർ ജില്ലാ ആശുപത്രിയിൽ ഒരു കൺസൾട്ടന്റ് ജനറൽ മെഡിസിൻ, ഒരു കൺസൾട്ടന്റ് ENT, ഒരു കൺസൾട്ടന്റ് പീഡിയാട്രിക്സ്, രണ്ട് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ എന്നിങ്ങനെ ഡോക്ടർമാരുടെ അഞ്ച് ഒഴിവുകൾ നിലവിലുണ്ട്. അതിൽ 3 പേർ അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളിൽ സെലക്ട് ലിസ്റ്റ് ആയാലുടൻ തന്നെ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>നഴ്സിംഗ് ഓഫീസർ തസ്തികയിൽ 5 ഒഴിവ് നിലവിലുണ്ട്. ആയത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ 3 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന 11 പേരും എച്ച്.എം.സി. വഴി 12 പേരും ജോലി ചെയ്യുന്നു.<br><br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II വിഭാഗത്തിൽ 5 തസ്തിക ഒഴിവുള്ളതിൽ 2 പേർ അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി ചെയ്യുന്നു.<br><br>റേഡിയോഗ്രാഫർ തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ച 2 ഉദ്യോഗാർത്ഥികൾക്ക് 30.05.2024-ന് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ എൻ.എച്ച്.എം. മുഖേന നിയമിച്ച 2 റേഡിയോഗ്രാഫർമാർ ജോലി ചെയ്യുന്നുണ്ട്.<br><br>ഫാർസിസ്റ്റ് സ്റ്റോർ കീപ്പറുടെ ഒരൊഴിവ് നിലവിലുണ്ട്. 31.05.2024-ലെ വിരമിക്കൽ മൂലം ഉണ്ടായ പ്രസ്തുത ഒഴിവ് സ്ഥാനക്കയറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും എക്സ്റേ അറ്റൻഡറുടെയും പാർട്ട് ടൈം സ്വീപ്പർമാരുടെയും 2 ഒഴിവുകൾ വീതവും ലാബ് അറ്റൻഡറുടെ ഒരൊഴിവും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവിൽപി.എസ്.സി അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ